(ബി) ഇവയിലെല്ലാം കൂടി എത്ര കോടി രൂപയാണ് കാർഷിക വായ്പയായി 2014-15 സാമ്പത്തിക വർഷം നൽകിയിട്ടുള്ളത്;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന പച്ചക്കറികളിലും ഭക്ഷ്യ ഉൽപന്നങ്ങളിലും മാരകമായ വിഷാംശങ്ങൾ അടങ്ങിയിട്ടുണ്ട് എന്ന വാർത്തകൾ പുറത്തുവരുന്നതിന്റെ ഭാഗമായി കർഷകർ ജൈവകൃഷിയിലേയ്ക്ക് വലിയ തോതിൽ ആകൃഷ്ടരാകുന്നുണ്ട് എന്നത് കണക്കിലെടുത്ത് ഇപ്രകാരമുള്ള കാർഷിക വായ്പ കർഷകർക്ക് ലളിതമായ വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 1604 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന 3642.15 കോടി രൂപയുടെ കാർഷിക വായ്പ നൽകിയിട്ടുണ്ട്.

(സി) ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി സഹകരണ സ്ഥാപനങ്ങൾ മുഖേന നെൽകൃഷിക്കും പച്ചക്കറിക്കും ഉൾപ്പെടെ കാർഷിക വിള വായ്പകൾ വിതരണം ചെയ്തുവരുന്നുണ്ട്. ഹ്രസ്വകാല കാർഷിക വായ്പകൾ നിലവിൽ 7% പലിശ നിരക്കിലാണ് നൽകിവരുന്നത്. ടി വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് സംസ്ഥാന സർക്കാരിന്റെ 5% പലിശ ഇളവ് നൽകി വരുന്നുണ്ട്. ഇതിന് പുറമേ 31-7-2015 വരെ എടുക്കുന്ന വായ്പകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ പരമാവധി 3% പലിശ ഇളവും ലഭ്യമാണ്. പൊതുവിൽ ലളിതമായ വ്യവസ്ഥയിലാണ് കാർഷിക വായ്പകൾ നൽകി വരുന്നത്.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ

97 (3251) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ദേവസ്വവും ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ തിരുവേണി സൂപ്പർ മാർക്കറ്റുകളിലെ ദിവസ വേതന ജീവനക്കാർക്ക് ശമ്പളം കിട്ടാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തിരുവേണി സൂപ്പർ മാർക്കറ്റുകളിൽ താത്കാലിക ജീവനക്കാരായി എത്ര പേർ ജോലി ചെയ്യുന്നു എന്നറിയിക്കാമോ; താത്കാലിക ജീവനക്കാരിൽനിന്ന് ESI, PF വിഹിതമായി പിടിക്കുന്ന തുക ബന്ധപ്പെട്ട വകുപ്പുകളിൽ എത്തുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്ന പരാതിയുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ തുക അടയ്ക്കുവാനുണ്ടെന്ന അറിയിക്കാമോ; കടിശ്ശിക അടിയന്തരമായും തുടർന്നുള്ള വിഹിതം കൃത്യമായും അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് ഇതുവരെ എത്ര ത്രിവേണി സ്റ്റോറുകൾ പൂട്ടിയിട്ടുണ്ട്; ഇത് ഏതെല്ലാം ജില്ലകളിൽ എത്രയെണ്ണം വീതമെന്ന് അറിയിക്കാമോ; ഇവിടങ്ങളിലെ ജീവനക്കാരെ എവിടെ നിയമിച്ചു എന്നും അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ത്രിവേണി സൂപ്പർമാർക്കറ്റുകളിൽ താൽക്കാലിക ജീവനക്കാരായി 915 പേർ ജോലി ചെയ്യുന്നു. താൽക്കാലിക ജീവനക്കാരിൽനിന്ന് ESI, PF വിഹിതമായി പിടിക്കുന്ന തുക ചില റീജിയണുകളിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾമൂലം ഭാഗികമായി മാത്രമേ അടച്ചിട്ടുള്ളൂ. പ്രോവിഡന്റ് ഫണ്ട് തുക നവംബർ 2014 വരെ അടച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ വിഹിതംകൂടി ചേർത്ത് മാത്രമേ ജീവനക്കാരിൽനിന്നും പിടിച്ച പ്രോവിഡന്റ് ഫണ്ട് തുകകൾ അടയ്ക്കാൻ കഴിയുകയുള്ളൂ. സബ് കോഡുകൾ അനുവദിച്ച് ലഭിക്കാത്തതും തുക അടയ്ക്കാൻ വൈകുന്നതിന് കാരണമായിട്ടുണ്ട്. കടിശ്ശിക തുക എത്രയും വേഗത്തിൽ അടയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സംസ്ഥാനത്ത് ഇതുവരെ 30 ത്രിവേണികൾ പൂട്ടിയിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ജില്ല	ത്രിവേണികളുടെ എണ്ണം
തിരുവനന്തപുരം	7
കൊല്ലം	4
പത്തനംതിട്ട	1
ആലപ്പുഴ	3
കോട്ടയം	7
എറണാകുളം	5
തൃശ്ശൂർ	2
വയനാട്	1
ആകെ	30

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനം അവസാനിപ്പിച്ച . തിരുവേണികളിലെ ജീവനക്കാരെ കൺസ്യൂമർഫെഡിന്റെ മറ്റ് യൂണിറ്റുകളിലേക്ക് പുനർവിന്യസിപ്പിച്ചിട്ടുണ്ട്.

ചടയമംഗലം മണ്ഡലത്തിൽ നന്മ സ്റ്റോറുകൾ

98 (3252) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം മണ്ഡലത്തിൽ എത്ര നന്മ സ്റ്റോറുകൾ ആരംഭിച്ചിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ എത്രയെണ്ണം പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം മണ്ഡലത്തിൽ കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ 17 നന്മ സ്റ്റോറുകൾ ആരംഭിച്ചിരുന്നു. സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലുള്ള 4 നന്മ സ്റ്റോറുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു.

(ബി) ചടയമംഗലം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലായി ചുവടെ ചേർക്കുന്ന 17 നന്മ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത്:

ക്രമ നമ്പർ	പഞ്ചായത്ത്	നന്മ സ്റ്റോറുകൾ
1	കടയ്ക്കൽ	2
2	ചടയമംഗലം	1
3	കരിയോട്	1
4	നിലമേൽ	1
5	ചിതറ	4
6	ഇട്ടിവ	1
7	ഇളമാട്	3
8	വെളിനെല്ലൂർ	3
9	അലയമൺ	1
	ആകെ	17

LIBRARY ARCHIVES Kerala Legislative Assembly